**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3933** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആദ്യമായി റിപ്പോർട്ട് ചെയ്ത നിപ്പ ബാധിച്ച് മരണപ്പെട്ടവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആദ്യമായി റിപ്പോർട്ട് ചെയ്ത നിപ്പ ബാധിച്ച് എത്ര പേരായിരുന്നു മരണപ്പെട്ടതെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് 2018 മെയ് 13- ന് ആദ്യമായി നിപരോഗബാധ കോഴിക്കോട് ജില്ലയിൽ സ്ഥിരീകരിച്ചു. 2018 മേയ് മാസം കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ആകെ 18 പേർക്ക് നിപ രോഗബാധയുണ്ടാകുകയും അതിൽ 16 പേർ മരണമടയുകയും ചെയ്തു. |
| (ബി) | നിപ്പ ബാധ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട കാലയളവിൽ പ്രസ്തുത രോഗം ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം ലഭ്യമാക്കിയിരുന്നോ; എങ്കിൽ എത്ര രൂപ വീതമാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ ? | (ബി) | നിപ്പ ബാധിച്ച് മരണമടഞ്ഞ 16 പേരുടെയും ഇൻഡക്സ് കേസായ സാബിത്ത് എന്നയാളുടെയും കുടുംബങ്ങൾക്ക് അഞ്ചുലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു. രോഗികളെ പരിചരിക്കുന്നതിനിടയിൽ രോഗബാധിതയായി മരണപ്പെട്ട പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ താത്കാലിക നഴ്സായിരുന്ന ലിനിയുടെ കുട്ടികൾക്ക് 10,00,000/- (പത്ത് ലക്ഷം രൂപ) വീതം ആകെ 20,00,000/- ( ഇരുപത് ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ